(എഫ്) എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ - എഫ്) വിവരം ശേഖരിച്ചു വരുന്നു.

റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ

30 (4372) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ തസ്തികകളിലായി എത്ര ഒഴിവുകളാണ് പി.എസ്.സി.യിലേക്ക് അറിയിച്ചിട്ടുള്ളത് ;

(ബി) എത്ര എഴുത്തു പരീക്ഷകൾ നടത്തി എന്നും എത്ര പേർക്ക് പി.എസ്.സി. വക നിയമനം ലഭിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസവും അനാസ്ഥയും

31 (4373) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒഴിവുകളുണ്ടായിട്ടും യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വിഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(സി) ഒഴിവുകളുണ്ടായിട്ടും യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) നടപ്പ് സാമ്പത്തിക വർഷത്തെ 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-7-2010-ന് മുമ്പ് നിർബന്ധമായും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പദ്ധ്യക്ഷൻമാർക്കും പൊതുമേഖലാ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ലേഡി വി.ഇ.ഒ. ഒഴിവുകൾ

32 (4374) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഒഴിവുകൾ നിയമനത്തിനായി ശുപാർശ ചെയ്തിട്ടില്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത നിയമനങ്ങൾക്കായി പി.എസ്.സി. പരീക്ഷ അവസാനമായി നടത്തിയത് എന്നാണ് ;

(ഡി) ആയതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-7-2008-ലെ ജി.ഒ.(പി) നം.216/08/LSGD പ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതിയിലൂടെ എൽ.വി.ഇ.ഒ., വി.ഇ.ഒ. തസ്തികകൾ സംയോജിപ്പിച്ചിട്ടുണ്ട്. ഇനിയുള്ള നിയമനങ്ങൾക്ക് വി.ഇ.ഒ. തസ്തികയിലാണ് നിയമനം നടത്തുന്നത്. അപ്രകാരം വി.ഇ.ഒ. തസ്തികയിൽ 70 ഒഴിവുകൾ ഉണ്ട്.

(ബി) നിയമാനുസൃതം സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം നൽകേണ്ട ഒഴിവുകളും അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നതു നീക്കി വയ്ക്കേണ്ട ഒഴിവുകളും ഒഴിച്ചുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 28-3-2009-ൽ.

(ഡി) ഇല്ല. റാങ്ക്‌ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് പി.എസ്.സി. യോട് ആരാഞ്ഞിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ എൽ.ഡി.സി. നിയമനം

33 (4375) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴിയുള്ള നിയമനത്തിനായി കോഴിക്കോട് ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ജനറൽ മെറിറ്റിൽ എത്ര പേരെ അഡ്വൈസ് ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്നും വികലാംഗ സംവരണ വിഭാഗത്തിൽ എത്ര റാങ്ക് വരെ നിയമനത്തിനായി ശുപാർശ ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനായി റിപ്പോർട്ട് ചെയ്ത ആകെ ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly